**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3334** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഹാരിസൺസ് ഹാജരാക്കിയ ആധാരങ്ങളുടെ കൃത്യത.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയിടപാട് സംബന്ധിച്ച് ഹാരിസൺസ് ഹാജരാക്കിയ 63 ആധാരങ്ങളിൽ തിരിമറികൾ നടന്നതായുള്ള ഫോറൻസിക് റിപ്പോർട്ട് വിജിലൻസ് മൂന്ന് വർഷം പൂഴ്ത്തി വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി ജില്ലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 25630 ഏക്കർ ഭൂമിയുടെ പ്രമാണ രേഖയായി കമ്പനി ഹാജരാക്കിയതും കൊല്ലം എസ്. ആർ. ഒ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture) യുടെ ആധികാരികത സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബ് നടത്തിയ പരിശോധനയിൽ പ്രസ്തുത രേഖയുടെ പ്രസക്തി നഷ്ടമാകും വിധത്തിൽ നിരവധി തിരുത്തലുകളും കൂട്ടിചേർക്കലുകളും വരുത്തിയിട്ടുള്ളതായി കണ്ടെത്തുകയും ഫോറൻസിക് സയൻസ് ലാബ് ഡയറക്ടറുടെ 12.6.2018 ലെ B2-9044/FSL/2015 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. ടി അന്വേഷണത്തിന്റെ അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിലാണ് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ട് വിജിലൻസ് വകുപ്പ് മുഖേന റവന്യൂ വകുപ്പിൽ ലഭ്യമാക്കിയത് 2021 മാർച്ച് മാസത്തിലായിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഫോറൻസിക് സയൻസ് ലാബിന്റെ (Forensic Science Lab- FSL) കണ്ടെത്തലുകൾ സംബന്ധിച്ച് പരാമർശിച്ചിരുന്നുവെങ്കിലും FSL ന്റെ പരിശോധനാറിപ്പോർട്ട് ഉൾപ്പെടുത്തിയിരുന്നില്ല. റവന്യൂ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും വിജിലൻസ് വകുപ്പ് പ്രസ്തുത റിപ്പോർട്ട് ശേഖരിച്ച് 2021 ആഗസ്റ്റിൽ മാത്രമാണ് റവന്യൂ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) | ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | Further Actions Dropped (FAD) എന്നാണ് വിജിലൻസ് കോടതിയിൽ അന്വേഷണ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ അന്തിമ റിപ്പോർട്ട് സമർപ്പിച്ചത്. നിലവിൽ കേസ് തിരുവനന്തപുരം വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ